05 തിങ്കൾ ഡിസംബർ 2022
1198വൃശ്ചികം 18

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com




## വിഴിഞ്ഞത്ത് മിന്നൽ സമവായ ഫോർമുല, സർക്കാർതല ചർച്ച ഇന്ന് നടന്നേക്കും

**തിരുവനന്തപുരം:** ജനങ്ങളെയും സർക്കാരിനെയും നോക്കുകുത്തികളാക്കി നാലര മാസമായി തുടരുന്ന വിഴിഞ്ഞം സമരം സമവായത്തിലെത്തിക്കാൻ സഭയും സർക്കാരും നീക്കം തുടങ്ങി. ഇതിനായി ലത്തീൻ അതിരൂപത നടത്തുന്നത് മിന്നൽ നീക്കമാണെന്നാണ് അവരിറക്കിയ സർക്കുലറിൽനിന്ന് ബോദ്ധ്യമാകുന്നത്. സമരതീവ്രത വെടിഞ്ഞ് അനുനയ നീക്കത്തിലൂടെ സർക്കാരിനെ സമീപിച്ച് ഒത്തുതീർപ്പിന് വഴിയൊരുക്കുകയാണ് സഭ. സമരസമിതി പ്രതിനിധികളുമായുള്ള ചർച്ച പുനരാരംഭിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്നാണ് ആവശ്യം. തുറമുഖ നിർമ്മാണം സ്ഥിരമായി നിറുത്തിവയ്ക്കണമെന്ന ആവശ്യത്തിൽ നിന്ന് പിന്തിരിഞ്ഞു. തീരശോഷണത്തെപ്പറ്റി പഠനം നടക്കുന്ന കാലയളവിൽ മാത്രം നിർമ്മാണപ്രവർത്തനം നിറുത്തിയാൽ മതിയെന്നാണ് ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റൊയുടെ പേരിൽ ഇന്നലെ ലത്തീൻ പള്ളികളിൽ വായിച്ച സർക്കുലറിൽ വ്യക്തമാക്കുന്നത്.സമവായ ഫോർമുലയടക്കം തയ്യാറാക്കിയാണ് സമരസമിതി പുതിയ നീക്കങ്ങൾക്കു ചുക്കാൻ പിടിക്കുന്നത്. സമരസമിതിയെയും അതിരൂപതാ നേതൃത്വത്തെയും പങ്കെടുപ്പിച്ച് ചീഫ് സെക്രട്ടറിതല ചർച്ചയോ മന്ത്രിസഭാ ഉപസമിതി യോഗമോ ഇന്നു ചേർന്നേക്കും. അനുനയനീക്കം വിജയിച്ചാൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചർച്ച നടക്കും. ചർച്ചകളിൽ സ്വീകരിക്കേണ്ട സർക്കാർ നയം സംബന്ധിച്ച് വ്യക്തതയ്ക്ക് മന്ത്രി അഹമ്മദ് ദേവർകോവിൽ ഇന്നു മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും. സമാന്തരമായി, ഗാന്ധിസ്മാരക നിധിയുടെ നേതൃത്വത്തിലുള്ള മദ്ധ്യസ്ഥ നീക്കങ്ങളും ആരംഭിക്കും. സമവായ നീക്കങ്ങൾക്കു നേതൃത്വം നൽകുന്ന കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ ഇന്നു തുടങ്ങുന്ന കെ.സി.ബി.സി ശീതകാല സമ്മേളനത്തിൽ സമവായ ചർച്ചയുടെ വിശദാംശങ്ങൾ അറിയിക്കും. സമരം ഒത്തുതീർപ്പിന്റെ പാതയിലേയ്ക്കാണെന്ന് മദ്ധ്യസ്ഥരിലൊരാളായ കെ.വി. തോമസ് പറഞ്ഞു.





## ഹൈക്കോടതി നിലപാട് തേടി, സർക്കാർ വെട്ടിലായി

## സുപ്രീം കോടതി ഉത്തരവ് ശബരിമലയ്ക്കും ബാധകം

**കൊച്ചി:** ദേവസ്വം ബോർഡുകളിൽ ജാതി പരിഗണന കൂടാതെ ശാന്തി നിയമനം നടത്തണമെന്ന സുപ്രീം കോടതി വിധി ഉണ്ടായിട്ടും ശബരിമല മേൽശാന്തിയായി മലയാള ബ്രാഹ്മണരെ തന്നെ വേണമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വ്യവസ്ഥയിൽ ഹൈക്കോടതി നിലപാട് തേടിയതോടെ സംസ്ഥാന സർക്കാർ വെട്ടിലായി. ബോർഡിനെ പിന്തുണച്ചാൽ പിന്തിരിപ്പൻ നിലപാടാകും. ബോർഡിന്റെ തന്നെ മറ്റ് പല പ്രമുഖ ക്ഷേത്രങ്ങളിലും അബ്രാഹ്മണ മേൽശാന്തിമാരുണ്ട്.2002ലെ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ജാതി പരിഗണന നോക്കാതെ ശാന്തിനിയമനം നടത്താൻ ഉമ്മൻചാണ്ടി സർക്കാർ സർക്കുലർ ഇറക്കുകയും റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിരുന്നു. പിണറായി സർക്കാർ നിയമനം നടത്തി ഖ്യാതി നേടുകയും ചെയ്തു. ശബരിമല പൊതുവികാരമായതിനാൽ വിഷയത്തെ എങ്ങനെ സമീപിക്കണമെന്നാണ് സർക്കാർ തലപുകയ്ക്കുന്നത്.ഈ കേസിൽ പ്രത്യേക സിറ്റിംഗ് നടത്തുന്ന ഹൈക്കോടതി ദേവസ്വം ഡിവിഷൻ ബെഞ്ച് , ഡിസംബർ 17ന് നിലപാടറിയിക്കാനാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. സ്വയംഭരണ സ്ഥാപനമായ ദേവസ്വം ബോർഡ് നിലപാട് വ്യക്തമാക്കുമെന്ന് പറഞ്ഞ് കഴിഞ്ഞ സർക്കാരിലെ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ കൈയൊഴിഞ്ഞിരുന്നു. കേസിൽ കക്ഷിയാണെങ്കിലും സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുമില്ല. ഹൈക്കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടതോടെ ഇനി ഒളിച്ചുകളി നടപ്പില്ല.പറവൂർ ശ്രീധരൻ തന്ത്രിയുടെ മകൻ കെ.എസ്. രാകേഷിനെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എറണാകുളം നീറിക്കോട് മഹാദേവ ക്ഷേത്രത്തിൽ 1992ൽ ശാന്തിക്കാരനായി നിയമിച്ചതിനെ ചോദ്യം ചെയ്യുന്ന എൻ.ആദിത്യന്റെ കേസാണ് പൂജാവൃത്തിയിൽ ജാതിവിവേചനം പാടില്ലെന്ന 2002ലെ സുപ്രധാന സുപ്രീം കോടതി ഉത്തരവിലേക്ക് നയിച്ചത്.ദേവസ്വം ബോർഡുകളിലെ ശാന്തിക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരെ ജാതി പരിഗണനയില്ലാതെ നിയമിക്കണമെന്ന് 2014 സെപ്തംബർ 11ന് ഉമ്മൻചാണ്ടി സർക്കാർ സർക്കുലർ ഇറക്കി. തുടർന്നാണ് ദേവസ്വം നിയമനങ്ങൾക്ക് മാത്രമായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. പട്ടികജാതിക്കാർ ഉൾപ്പെടെ പിന്നാക്ക വിഭാഗക്കാരെ ദേവസ്വം ക്ഷേത്രങ്ങളിൽ ശാന്തിക്കാരായത് ആദ്യ പിണറായി സർക്കാരിന് ദേശീയതലത്തിൽ സൽപ്പേരുണ്ടാക്കി.2002ലെ സുപ്രീം കോടതി വിധിയെ മറികടന്ന് ശബരിമലയിൽ മലയാള ബ്രാഹ്മണനെ മാത്രം മേൽശാന്തിയാക്കാൻ പലവിധ തന്ത്രങ്ങളാണ് തിരുവിതാംകൂർ ദേവസ്വംബോർഡ് പയറ്റുന്നത്. അതിൽ പ്രധാനം, ജാതി പരിഗണനാവിഷയം അല്ലാതിരുന്ന ശബരിമല മേൽശാന്തി നിയമനക്കേസിൽ 2015ലെ ഹൈക്കോടതി നടത്തിയ പരാമർശമാണ്. മേൽശാന്തി ഇന്റർവ്യൂ ബോർഡിന്റെ രൂപീകരണവും ഈ ബോർഡംഗങ്ങളുടെ യോഗ്യതയും അപേക്ഷരെ ഇന്റർവ്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തലും മാത്രമായിരുന്നു പരിഗണിച്ചത്. മേൽശാന്തി പോലുള്ള പദവികളിലെ നിയമനം പൊതുനിയമനം പോലെ കണക്കാക്കാനാവില്ലെന്ന ജസ്റ്റിസുമാരായ തോട്ടത്തിൽ രാധാകൃഷ്ണന്റെയും അനുശിവരാമന്റെയും പരാമർശം പിടിവള്ളിയാക്കിയാണ് മറ്റു ജാതിക്കാരെ ബോർഡ് മാറ്റിനിർത്തുന്നത്.




## കൊല്ലത്ത് സൈനികനെയും സഹോദരനെയും പൊലീസ് മർദിച്ച സംഭവം; പൊലീസ് റിപ്പോർട്ടിനെതിരെ മനുഷ്യാവകാശ കമ്മിഷനിൽ പരാതി

**കൊല്ലം** :കിളികൊല്ലൂരിൽ സൈനികനെയും സഹോദരനെയും പൊലീസ് മർദ്ദിച്ച സംഭവത്തിലെ പൊലീസ് റിപ്പോർട്ടിനെതിരെ മനുഷ്യാവകാശ കമ്മീഷനിൽ പരാതിയുമായി ഇരകൾ. പൊലീസ് തയ്യാറാക്കിയിരിക്കുന്നത് മുറിവേറ്റ ശരീരത്തെ വീണ്ടും കുത്തിനോവിപ്പിക്കുന്ന റിപ്പോർട്ടെന്നാണ് ഇവരുടെ പരാതി. മർദ്ദനമേറ്റ വിഘ്നേഷ് മനുഷ്യാവകാശ കമ്മീഷന് അയച്ച പരാതി 24 ന് ലഭിച്ചു.കിളികൊല്ലൂർ കസ്റ്റഡി മർദ്ദനത്തിൽ മനുഷ്യാവകാശ കമ്മീഷൻ പൊലീസിനോട് റിപ്പോർട്ട് തേടിയിരുന്നു. കൊല്ലം സിറ്റി പൊലീസ് കമ്മീഷണർ മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിനെതിരെയാണ് പരാതിക്കാർ രംഗത്തെത്തിയത്. തങ്ങളെ ഏറ്റവും അധികം ഉപദ്രവിച്ച എസ് ഐ അനീഷിനെയും, എസ് എച്ച് ഒ വിനോദിനെയും സംരക്ഷിക്കുന്ന റിപ്പോർട്ടാണ് ഇതെന്ന് മനുഷ്യാവകാശ കമ്മീഷന് നൽകിയ പരാതിയിൽ വിഘ്നേഷ് പറയുന്നു. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തന്നെയോ സഹോദരനെയോ ജില്ലാ പൊലീസ് മേധാവി ബന്ധപ്പെട്ടിട്ടില്ലെന്നും പരാതിയിലുണ്ട്. റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് തങ്ങൾക്കേറ്റ ക്രൂര പീഡനത്തിന്റെ വ്യാപ്തി മനസ്സിലാക്കാതെയും മനുഷ്യാവകാശ ധ്വംസനത്തിന്റെ ഗൗരവം ഉൾക്കൊള്ളാതെയുമാണ്. കണ്ണടച്ച് ഇരുട്ടാക്കുന്ന തരത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ജില്ലാ പൊലീസ് മേധാവി മെറിൻ ജോസഫ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് സ്വാധീനങ്ങൾക്ക് വഴങ്ങി പക്ഷപാതപരമായാണെന്നും പരാതിയിൽ ആക്ഷേപിക്കുന്നു. സാക്ഷിമൊഴികളും സിസിടിവിയും പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളണമെന്നാണ് പരാതിയിൽ പറയുന്നത്.കേസിൽ അന്വേഷണവും ഇഴഞ്ഞു നീങ്ങുകയാണ്. മർദ്ദനം നടന്ന് 100 ദിവസം കഴിഞ്ഞിട്ടും ഒരാളെപ്പോലും പ്രതി ചേർത്ത് എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടില്ല. തങ്ങൾക്കെതിരെ പൊലീസ് ചുമത്തിയ കള്ളക്കേസ് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ യുവാക്കൾ സമീപിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയെ നേരിൽ കാണാൻ ഒരുങ്ങുകയാണ് കുടുംബം.

## കണ്ടക്ടർ വനിതയെങ്കിൽ സീറ്റിൽ കൂടെ പുരുഷന്മാർ ഇരിക്കരുത്!

**തിരുവനന്തപുരം:** കെ.എസ്.ആർ.ടി.സി ബസിൽ കണ്ടക്ടറുടെ സീറ്റിൽ ഇരിക്കുംമുൻപ ഇനി കണ്ടക്ടർ വനിതയോ പുരുഷനോ എന്നു നോക്കണം. വനിതാ കണ്ടക്ടറാണെങ്കിൽ പുരുഷന്മാർ ഇരിക്കാൻ പാടില്ല. ഈ സംവിധാനം അപരിഷ്കൃതമാണെന്ന് ആക്ഷേപം ഉയർന്നെങ്കിലും സ്ത്രീ സുരക്ഷയ്ക്കായാണ് ക്രമീകരണമെന്ന് കെ.എസ്.ആർ.ടി.സി അധികൃതർ പറയുന്നു.കെ.എസ്.ആർ.ടി.സി ബസിൽ വനിതാ കണ്ടക്ടർമാർക്ക് അനുവദിച്ചിട്ടുള്ള സീറ്റുകളിൽ ഇനി സ്ത്രീ യാത്രക്കാരെ മാത്രമേ അനുവദിക്കുകയുള്ളൂ. രണ്ടുവർഷം മുമ്പാണ് ഉത്തരവ് ഇറങ്ങിയതെങ്കിലും ഇത് സംബന്ധിച്ച് ബസുകളിൽ വ്യാപകമായി അറിയിപ്പ് പോസ്റ്റർ രൂപത്തിൽ പതിച്ച് തുടങ്ങി.വാതിലിന് സമീപം കണ്ടക്ടർക്കായി അനുവദിച്ചിട്ടുള്ളത് രണ്ടുപേർക്ക് ഇരിക്കാവുന്ന സീറ്റാണ്. അതിനാൽ യാത്രക്കാരിൽ ഒരാൾക്ക് ഇരിക്കാം. ഈ സീറ്റിൽ പുരുഷന്മാർ ഇരിക്കുന്നത് ബുദ്ധിമുട്ടാണെന്ന് വനിതാ കണ്ടക്ടർമാർ പരാതിപ്പെട്ടതിനെ തുടർന്നാണ് നടപടി. ചിലയിടങ്ങളിൽ ഒപ്പമിരിക്കുന്ന പുരുഷ യാത്രക്കാരിൽ നിന്നും മോശം അനുഭവം ഉണ്ടായതായി വനിതാ കണ്ടക്ടർമാർ പരാതിപ്പെട്ടിരുന്നു. ഇതേ തുടർന്നാണ് സ്ത്രീ യാത്രക്കാർ സീറ്റ് പങ്കിടണമെന്ന നിർദ്ദേശം.ജനറൽ സീറ്റുകളിൽ സ്ത്രീയും പുരുഷനും ഒരുമിച്ചിരുന്ന് യാത്ര ചെയ്യുന്നതിന് തടസമൊന്നുമില്ല. ട്രെയിനുകളിലും ഇത്തരം വേർതിരിവില്ല.









STUDY ABROAD
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in


### ആശാൻ

ഫാദർ ഡിക്രൂസ് വികൃത–വർഗീയ മനസ്സിന്റെ ഉടമ; വസ്ത്രത്തിന്റെ മാന്യതപോലും കാണിച്ചില്ല സിപിഎം സംസ്ഥാന സെക്രട്ടറി



രാഷ്ട്രീയക്കാർക്കു നാക്ക് പിഴ സംഭവിച്ചാൽ ക്ഷമിക്കണോ?


ലോകചരിത്രത്തിലാദ്യമായി



ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651

ജോത്സ്യൻ : ജി. എൻ. ബാബുജി

ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ടമംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം

മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ തടയണം

രാജ്യത്ത് വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ തടയാൻ ബഹുമുഖ തന്ത്രങ്ങൾ ആവശ്യമാണെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പ്രസിദ്ധീകരിച്ച കുറിപ്പിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. നിലവിലുള്ള ആത്മഹത്യാനിരക്ക് വളരെ കൂടുതലാണ്. ഇതിൽ പത്തുശതമാനം കുറവ് വരുത്താൻ 2030 ഓടെ കഴിയുന്ന വിധത്തിൽ ശ്രമങ്ങൾ നടത്താനാണ് കേന്ദ്രം തുനിയുന്നത്. ഒരു സമയബന്ധിത കർമ്മപദ്ധതി ഇതിനാവശ്യമാണ്. ലോകത്താകമാനം ഏറ്റവും കൂടുതൽ മരണത്തിന് ഇടയാക്കുന്ന രണ്ടാമത്തെ കാരണം ആത്മഹത്യയാണ്. പ്രത്യേകിച്ചും 15നും 29നും ഇടയിൽ പ്രായമുള്ളവരിൽ. ഇന്ത്യയിൽ 15നും 19നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾ മരണമടയുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ആത്മഹത്യയാണ്. ഇന്ത്യയിൽ പ്രതിവർഷം ഒരുലക്ഷത്തോളം പേരാണ് ആത്മഹത്യ ചെയ്യുന്നത്. മഹാരാഷ്ട്ര, തമിഴ്നാട്, മദ്ധ്യപ്രദേശ്, പശ്ചിമബംഗാൾ, കർണാടക എന്നീ സംസ്ഥാനങ്ങളാണ് ആത്മഹത്യാ നിരക്കിൽ മുന്നിൽ നിൽക്കുന്നത്. കേരളത്തിലും കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം കൂടിയാണ് വരുന്നത്. 2017-ൽ 7,870 പേരാണ് ആത്മഹത്യ ചെയ്തത്. 2021ൽ ഇത് 21.3 ശതമാനം വർദ്ധിച്ച് 9,549 പേരായി. ആത്മഹത്യ തടയുന്നതിലും മാനസികാരോഗ്യ പരിപാലനത്തിലും കേരളം വളരെ പിറകിലാണെന്നാണ് ഈ കണക്കുകൾ വെളിപ്പെടുത്തുന്നത്. ദേശീയ ശരാശരിയുടെ ഇരട്ടിയോളമാണ് കേരളത്തിലെ ആത്മഹത്യാ നിരക്ക്. ആത്മഹത്യയ്ക്ക് ശ്രമിച്ച് പരാജയപ്പെടുന്നവരുടെ എണ്ണവും കേരളത്തിൽ കുറവല്ല. അതിനാൽ സർക്കാർ തലത്തിൽ വളരെ പ്രാധാന്യത്തോടെ ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കുടുംബപ്രശ്നങ്ങൾ, പ്രണയം, സാമ്പത്തിക ബാദ്ധ്യത, രോഗങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാണ് ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നത്. തക്കസമയത്ത് ബന്ധുക്കളുടെയോ അധികൃതരുടെയോ ഇടപെടലുകളുണ്ടായാൽ ഒഴിവാക്കാൻ കഴിയുന്നതാണ് ആത്മഹത്യകളിൽ അധികവും. കുടുംബങ്ങളെ ഇതുസംബന്ധിച്ച് ബോധവത്ക്കരിക്കുന്നതിനും സഹായം നൽകുന്നതിനും സർക്കാർ തലത്തിൽ പദ്ധതികൾ കൂടുതൽ ആവിഷ്കരിക്കണം. അതോടൊപ്പം മാനസിക ചികിത്സാ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം. മെഡിക്കൽ കോളേജുകൾക്കും താലൂക്ക് ചികിത്സാകേന്ദ്രങ്ങൾക്കും നൽകുന്ന പരിഗണന ആരോഗ്യവകുപ്പ് മാനസിക ചികിത്സാ കേന്ദ്രങ്ങൾക്ക് നൽകാറില്ല. തിരുവനന്തപുരത്തെ മാനസികാരോഗ്യകേന്ദ്രത്തിൽ കഴിഞ്ഞ ആഴ്ച മനുഷ്യാവകാശ കമ്മിഷൻ നടത്തിയ സന്ദർശനത്തിൽ ഒട്ടേറെ പോരായ്മകൾ കണ്ടെത്തിയിരുന്നു. ചികിത്സയിലുള്ള രോഗികൾ നൂറിലധികമാണ്. ഇതിൽ കൂടുതലും അക്രമസ്വഭാവം പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ ഇവരെ നിയന്ത്രിക്കാൻ ആകെയുള്ളത് അഞ്ച് സെക്യൂരിറ്റിക്കാരാണ്. തമ്മിലടിച്ചും സ്വയം വേദനിപ്പിച്ചും രോഗികൾ അക്രമാസക്തരാകുമ്പോൾ അവരെ നിയന്ത്രിക്കാൻ പോലും ആളില്ലാത്ത അവസ്ഥയാണിവിടെ. ഭരണപരമായ നടപടിയിലൂടെ ഒരു ദിവസം കൊണ്ട് പരിഹരിക്കാൻ പറ്റുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ നീട്ടിക്കൊണ്ട് പോകുന്ന ഇപ്പോഴത്തെ രീതി അവസാനിപ്പിക്കണം. ഗ്ലോബലൈസേഷന് ശേഷം സാമ്പത്തിക പുരോഗതി ഉണ്ടായെങ്കിലും അതിന്റെ ഉപോത്പ്പന്നമെന്ന നിലയിൽ മാനസിക സമ്മർദ്ദം സമൂഹത്തിൽ കൂടിയിട്ടുണ്ട്. അതിനാൽ മാനസിക ചികിത്സയ്ക്ക് മറ്റ് ചികിത്സകളോടൊപ്പം പ്രാധാന്യം നൽകുന്ന ആരോഗ്യ നയം സർക്കാർ രൂപീകരിച്ചാൽ മാത്രമേ വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ തടയുന്ന കർമ്മപദ്ധതികൾ ഫലം നൽകൂ

# കൊച്ചി മുസരീസ് ബിനാലക്ക് ഇനി പത്തുദിവസം മാത്രം

കൊച്ചി :മുസരീസ് ബിനാലക്ക് ഇനി പത്തുദിവസം മാത്രം. വിവിധ രാജ്യങ്ങളിൽ നിന്നെത്തുന്ന 90 കലാകാരന്മാർ സംഗമിക്കുന്നതാണ് കൊച്ചി ബിനാലെ. 120 ദിവസം നീളുന്ന ബിനാലെ ഏപ്രിൽ 10 ന് അവസാനിക്കുംകൊവിഡ് മൂലം രണ്ട് വർഷം വൈകിയ കലാമാമാങ്കമായ കൊച്ചി മുസരീസ് ബിനാലക്ക് ഇനി ദിവസങ്ങൾ മാത്രം. മനം കവരുന്ന കലാസൃഷ്ടികളുമായി ബിനാലെ 2022 ന്റെ ഒരുക്കം അവസാന ഘട്ടത്തിലെത്തി. കൊച്ചി ബിനാലയുടെ പത്താം വാർഷികം കൂടിയാണിത്. ഇരുനൂറിലേറെ കലാസൃഷ്ടികളാണ് കലാസ്വാദകർക്കായി ഒരുങ്ങുന്നത്. ഞങ്ങളുടെ സിരകളിലൊഴുകുന്നത് മഷിയും തീയും എന്നതാണ് ഇത്തവണ്ണത്തെ മുദ്രാവാക്യമെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണാചാരി.മഹാമാരിക്കാലത്തെ അതിജീവിച്ച ശുപ്രതീക്ഷയുടെ കലാരൂപങ്ങളും ബിനാലയിൽ ഉണ്ടാകും. 90 കലാകാരന്മാരുടെ പേരുകൾ കൊച്ചി മുസരീസ് ബിനാലെ ഫൗണ്ടേഷൻ പുറത്ത് വിട്ടു. ഫോർട്ട്കൊച്ചിയിലെ ആസ്പിൻ വാൾ ഹൗസ്, പെപ്പർ ഹൗസ്, ആനന്ദ് വെയർ ഹൗസ്, എറണാകുളത്തെ ആർട്ട് ഗാലറി, ദർബാർ ഹാൾ എന്നിവയാണ്പ്രധാന വേദികൾ. കൊവിഡിന് ശേഷമുള്ള ബിനാലെ ആഘോഷമാക്കാൻ ഒരുങ്ങുകയാണ് സംഘാടകർ.





# സൗദിയിൽ ഏറ്റവും വലിയ അന്താരാഷ്ട്ര വിമാനത്താവളം

ലോകത്തിലെ ഏറ്റവും വലിയ വിമാനത്താവളങ്ങളുടെ പട്ടികയിലിടം പിടിക്കാൻ സൗദി അറേബ്യയിൽ പുതിയൊരു വിമാനത്താവളം കൂടി വരുന്നു. റിയാദ് നഗരത്തിന്റെ മുഖച്ഛായ മാറ്റുന്ന കിങ് സൽമാൻ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാസ്റ്റർ പ്ലാൻ കിരീടാവകാശിയും പ്രധാന മന്ത്രിയും സാമ്പത്തിക, വികസന സമിതി പ്രസിഡന്റും പബ്ലിക് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ചെയർമാനുമായ അമീർ മുഹമ്മദ് ബിൻ സൽമാൻ പ്രഖ്യാപിച്ചു.

നിർദിഷ്ട വിമാനത്താവളം സൗദി തലസ്ഥാനത്തേക്കും തിരിച്ചുമുള്ള അന്തർദേശീയ യാത്ര സുഗമമാക്കുന്നതോടൊപ്പം ചരക്ക് നീക്കത്തിന്റെ ആഗോള കേന്ദ്രമെന്ന റിയാദിന്റെ സ്ഥാനം ഉയർത്തുകയും വ്യാപാരം, ടൂറിസം എന്നിവയെ ഉത്തേജിപ്പിക്കുകയും ചെയ്യും. കിഴക്കിനെ പടിഞ്ഞാറുമായി ബന്ധിപ്പിക്കുന്ന പാലമായി വിമാനത്താവളത്തെ മാറ്റും. റിയാദിനെ ലോകത്തിലെ ഏറ്റവും മികച്ച 10 നഗര സമ്പദ് വ്യവസ്ഥകളിലൊന്നാക്കി മാറ്റുക എന്ന ലക്ഷ്യമാണ് വിമാനത്താവള പദ്ധതിക്കുള്ളത്.2030-ഓടെ റിയാദിനെ ഒന്നര കോടിക്കും രണ്ട് കോടിക്കുമിടയിൽ ജനസംഖ്യയുള്ള നഗരമാക്കി മാറ്റുക എന്ന സൗദിയുടെ വിഷൻ പദ്ധതിക്ക് അനുസരിച്ചാണ് വിമാനത്താവള പദ്ധതി. 2030-ഓടെ പ്രതിവർഷം 12 കോടി യാത്രക്കാർക്കും 2050ഓടെ 18.5 കോടി യാത്രക്കാർക്കും വിമാനത്താവളത്തിന്റെ പ്രയോജനം ലഭിക്കും.

ത്ത്.35 ലക്ഷം ടൺ ചരക്ക് കൈമാറ്റത്തിനുള്ള ശേഷിയും വിമാനത്താവളത്തിനുണ്ടാകും. പ്രത്യക്ഷവും പരോക്ഷവുമായി 1,03,000 തൊഴിലവസരങ്ങൾ പുതിയ വിമാനത്താവളം സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതിയ വിമാനത്താവള പദ്ധതി പെട്രോളിതര ആഭ്യന്തരോൽപ്പാദനത്തിലേക്ക് പ്രതിവർഷം 27,000 കോടി റിയാൽ സംഭാവ നൽകുമെന്നും പ്രതീക്ഷിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ പത്ത് നഗര സമ്പദ് വ്യവസ്ഥകളിൽ ഒന്നായി റിയാദിലെ മാറ്റാനുള്ള സൗദിയുടെ പദ്ധതിക്ക് പുതിയ വിമാനത്താവളം കരുത്തേകും.

# ഒറ്റപ്പേരുള്ള ഇന്ത്യക്കാർക്ക് പ്രവേശനം നൽകാം ഈ ഒറ്റ നിബന്ധനയിൽ; മാർഗനിർദേശം പുതുക്കി യു എ ഇ

അബുദാബി: പാസ്പോർട്ടിൽ ഒറ്റപ്പേരുള്ള ഇന്ത്യക്കാർക്ക് പ്രവേശനം വിലക്കിയത് ഏറെ ആശങ്കകൾ ഉയർത്തിയതിന് പിന്നാലെ മാർഗനിർദേശങ്ങളിൽ മാറ്റം വരുത്തി യു എ ഇ.ചില വ്യവസ്ഥകൾ പാലിക്കുന്നവർക്ക് പ്രവേശനം അനുവദിക്കുമെന്ന് പുതുക്കിയ മാർഗനിർദേശങ്ങളിൽ വ്യക്തമാക്കുന്നു.പാസ്പോർട്ടിന്റെ രണ്ടാം പേജിൽ യാത്രക്കാരന്റെ പിതാവിന്റെയോ കുടുംബത്തിന്റെയോ പേര് നൽകിയിട്ടുള്ളവർക്ക് യു എ ഇയിൽ പ്രവേശിക്കാമെന്നാണ് പുതിയ മാർഗനിർദേശത്തിൽ വ്യക്തമാക്കുന്നത്. ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ( സി ജി ഐ) ആണ് ഇക്കാര്യം അറിയിച്ചത്. പുതിയ മാർഗനിർദേശം യു എ ഇ നാഷണൽ അഡ്വാൻസ് ഇൻഫർമേഷൻ സെന്ററിൽ നിന്ന് ലഭിച്ചതായി കാണിച്ച് എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും പുറത്തിറക്കിയ സെർക്കുലറാണ് സി ജി ഐ പങ്കുവച്ചത്.സെർക്കുലർ എയർ ഇന്ത്യ ട്രാവൽ ഏജന്റുകൾക്ക് കൈമാറിയിരുന്നു. അതേസമയം, സന്ദർശന വിസയിൽ ഇന്ത്യയിലേയ്ക്ക് വരുന്നവർക്ക് മാത്രമാണ് പുതിയ വ്യവസ്ഥപ്രകാരം യു എ ഇയിലേയ്ക്ക് പോകാനും വരാനും ആവുകയെന്ന് ട്രാവൽ ഏജന്റുമാർ പറയുന്നു.ഇന്ത്യൻ പാസ്പോർട്ടിൽ ഒറ്റപ്പേര് മാത്രമുള്ള യാത്രക്കാരെ യു എ ഇയിലേയ്ക്കും തിരിച്ചും പോകാൻ അനുവദിക്കില്ലെന്ന് യു എ ഇ ഇൻഡിഗോ എയർലൈൻസിനെ അറിയിച്ചിരുന്നു. ടൂറിസ്റ്റ് വിസ, സന്ദർശന വിസ, താത്കാലിക വിസ, വിസ ഓൺ അറൈവൽ എന്നിങ്ങനെയുള്ള വിസകൾക്കാണ് വിലക്ക് ബാധകമായിരുന്നത്. തിങ്കളാഴ്ച മുതൽ വിലക്ക് പ്രാബല്യത്തിൽ വരികയും ചെയ്തിരുന്നു. എന്നാലിത് യാത്രക്കാർക്കിടയിൽ പല ആശയക്കുഴപ്പങ്ങൾക്കും ഇടയാക്കിയിരുന്നു. റെസിഡന്റ് വിസ ഒഴികെ പാസ്പോർട്ടിൽ ഒറ്റപ്പേരുള്ളവരെ രാജ്യത്തേയ്ക്ക് കടക്കാൻ അനുവദിക്കില്ലെന്നായിരുന്നു യു എ ഇ അറിയിച്ചത്. പിന്നീടാണ് ഇതിൽ മാറ്റം വരുത്തിയത്.

# കേരളത്തിൽ ഏറ്റവും നേരത്തെ നട തുറക്കുന്ന മഹാക്ഷേത്രം

ശ്രേഷ്ഠന്മാരായ ഋഷിവര്യന്മാർ തപസ്സനുഷ്ഠിച്ച മഹായാഗ ഭൂമിയിൽ ദേവഗുരുവായ ബൃഹസ്പതിയും വായു ഭഗവാനുംകൂടി ദേവബിംബ പ്രതിഷ്ഠ നടത്തിയതിനാൽ ഗുരുവായൂർ ഭൂലോക വൈകുണ്ഠമെന്ന മഹാഖ്യാതി കരസ്ഥമാക്കിഅത്യപൂർവ്വമായ പതഞ്ജല ശിലയെന്ന അഞ്ജനക്കല്ലുകൊണ്ട് നിർമ്മിച്ച ഗുരുപവന പുരിയിലെ ദേവബിംബം ശ്രീ മഹാവിഷ്ണു വൈകുണ്ഠത്തിൽ പൂജിച്ചിരുന്നതാണെന്നാണ് മറ്റൊരു പ്രത്യേകതപിന്നീട് ഈ അഞ്ജനവിഗ്രഹം ബ്രഹ്മാവിന് നൽകി അദ്ദേഹമത് സുതപസ്സിനും പിന്നീട് കശ്യപ പ്രജാപതിക്കും കൈമാറി.ദ്വാപരയുഗാന്ത്യത്തിൽ കശ്യപ പ്രജാപതി ആ അഞ്ജന വിഗ്രഹം തന്റെ അംശമൂർത്തിയും ശ്രീകൃഷ്ണന്റെ പിതാവുമായ വാസുദേവർക്ക് സമ്മാനിച്ചു. അങ്ങനെ ശ്രീകൃഷ്ണന് ആ വിഗ്രഹം ദ്വാരകയിൽ പൂജിയ്ക്കുവാൻ മഹാഭാഗ്യം ലഭിച്ചു. ദ്വാരക ജലാശയത്തിൽ മുങ്ങിപ്പോകുമെന്നും അപ്പോൾ ആ ദേവവിഗ്രഹം ഉചിതമായ സ്ഥലത്ത് പ്രതിഷ്ഠിച്ച് പൂജിയ്ക്കണമെന്ന് ശ്രീകൃഷ്ണൻ ആത്മമിത്രമായ ഉദ്ധവരെ അറിയിച്ചു. പ്രളയസമയമടുത്തപ്പോൾ ഉദ്ധവൻ ദേവബിംബം ദേവഗുരുവായ ബൃഹസ്പതിയെ ഏല്പിച്ചു. ശ്രീ പരശുരാമന്റെ സഹായത്തോടെ ബൃഹസ്പതിയും വായുദേവനും കൂടി പ്രതിഷ്ഠയ്ക്കു കണ്ടെത്തിയ ഭൂപ്രദേശമാണ് ഗുരുവായൂരെന്നാണ് ഐതിഹ്യം.കൈലാസനാഥനായ ശ്രീപരമേശ്വരൻ തപസ്സനുഷ്ഠിച്ചിരുന്ന മഹാപുണ്യഭൂമികൂടിയാണ് ഗുരുപവനപുരി. ഉദയസൂര്യകിരണങ്ങൾ ഭഗവദ്പാദത്തെ സ്പർശിക്കുന്ന രീതിയിൽ ദേവശില്പിയായ വിശ്വകർമ്മാവാണ് ക്ഷേത്രം നിർമ്മിച്ചത്. പൂജാവിധികൾ ക്രമമായി ചിട്ടപ്പെടുത്തിയത് അദ്വൈതാചാര്യൻ ശ്രീശങ്കരാചാര്യ സ്വാമികളാണ്. ദേവബിംബ-സ്ഥലനാമ-പ്രതിഷ്ഠാമാഹാത്മ്യംകൊണ്ട് മഹത്തരമാക്കിയ മഹാപുണ്യഭൂമികൂടിയാണിത്. കഠിന തപശക്തിയുള്ള മഹാഋഷിവര്യന്മാർ പ്രതിഷ്ഠ നടത്തിയ വിഗ്രഹത്തിന് ചൈതന്യവർദ്ധന വളരെ കൂടുതലായിരിക്കുമെന്നാണ് പണ്ഡിത പ്രമാണം. കേരളത്തിൽ ഏറ്റവും നേരത്തെ നട തുറക്കുന്ന മഹാക്ഷേത്രമാണ് ഗുരുവായൂർ. പുലർച്ചെ മൂന്നുമണിയ്ക്കാണ് നടതുറക്കുക. പന്ത്രണ്ട് ഭാവങ്ങളിൽ ഭഗവാൻ ദർശനം നൽകുന്നുവെന്നത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്.









# ലോക മണ്ണ് ദിനം

ആരോഗ്യമുള്ള മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ചും മണ്ണിലെ വിഭവങ്ങളുടെ സുസ്ഥിര പരിപാലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി എല്ലാ വർഷവും ഡിസംബർ 5 ലോക മണ്ണ് ദിനമായി ആഘോഷിക്കപ്പെടുന്നു. 2019 ൽ 560 പരിപാടികളിലൂടെ നൂറിലധികം രാജ്യങ്ങളിലാണ് ലോക മണ്ണ് ദിനം ആഘോഷിച്ചിരുന്നത്. മണ്ണിനെ സജീവമായി നിലനിർത്തുക, മണ്ണിന്റെ ജൈവവൈവിധ്യത്തെ സംരക്ഷിക്കുക എന്നതാണ് ലോക മണ്ണ് ദിനം 2020, ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (എഫ്എഒ) കാമ്പെയ്ൻ അനുസരിച്ചുള്ള ഈ വർഷത്തെ പ്രമേയം. മണ്ണിന്റെ ആരോഗ്യം മുൻകൂട്ടി മെച്ചപ്പെടുത്തുന്നതിന് ലോകമെമ്പാടുമുള്ള ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, മണ്ണിന്റെ ജൈവവൈവിധ്യ നഷ്ടത്തിനെതിരെ പോരാടാനാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്.മണ്ണിന്റെ ഫലഭൂയിഷ്ഠത ഉറപ്പുവരുത്തുന്നില്ലെങ്കിൽ, അത് ആഗോള ഭക്ഷ്യവിതരണത്തിനും അതുവഴി ഭക്ഷ്യസുരക്ഷയ്ക്കും ഭീഷണിയാകും. അതിനാൽ, എഫ്എഒയുടെ അഭിപ്രായത്തിൽ, മണ്ണിന്റെ പരിപാലനത്തിൽ വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിലൂടെയും മണ്ണിന്റെ ജൈവവൈവിധ്യ നഷ്ടത്തിനെതിരെ പോരാടുന്നതിലൂടെയും ലോകമെമ്പാടുമുള്ള സർക്കാരുകളെയും സംഘടനകളെയും കമ്മ്യൂണിറ്റികളെയും വ്യക്തികളെയും മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക എന്നതാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്.2002 ൽ ഇന്റർനാഷണൽ യൂണിയൻ ഓഫ് സോയിൽ സയൻസസ് (ഐ.യു.എസ്.എസ്) ശുപാർശ ചെയ്തതിനുശേഷം ലോക മണ്ണ് ദിനം ഒരു അന്താരാഷ്ട്ര ദിനമായി മാറി. തായ്ലാൻഡിന്റെ നേതൃത്വത്തിലും ആഗോള മണ്ണ് പങ്കാളിത്തത്തിന്റെ ചട്ടക്കൂടിനുള്ളിലും ലോക മണ്ണ് ദിനം ഔപചാരികമാക്കി മാറ്റുന്നതിന് എഫ്എഒ പിന്തുണ നൽകി. എഫ്എഒ സമ്മേളനം 2013 ജൂണിൽ ലോക മണ്ണ് ദിനത്തെ ഏകകണ്ഠമായി അംഗീകരിച്ചു. 68-ാമത് ഐക്യരാഷ്ട്ര പൊതുസഭയിൽ ഔദ്യോഗികമായി അംഗീകരിക്കാൻ അഭ്യർത്ഥിച്ചു. അതിന്റെ ഫലമായി , 2014 ഡിസംബർ 5 ന് ആദ്യത്തെ ഔദ്യോഗിക ലോക മണ്ണ് ദിനമായി പ്രഖ്യാപിച്ചു. സംരംഭത്തിന് ഔദ്യോഗികമായി അനുമതി നൽകിയ തായ്ലൻഡ് രാജാവ് ഭൂമിബോൾ അഡുല്യാദേജിന്റെ ജന്മദിനത്തോടനുബന്ധിച്ചാണ് ഈ ദിവസം ആഘോഷിക്കപ്പെടുന്നത്.





# അന്താരാഷ്ട്ര വോളന്റിയേഴ്സ് ദിനം

അന്താരാഷ്ട്ര വോളൻററ് ദിനം 5 ഡിസംബർ അതിനെ നിയോഗിക്കുകയായിരുന്നു ഐക്യരാഷ്ട്രസഭയിൽ 1985 സന്നദ്ധപ്രവർത്തനത്തിന്റെ ശക്തിയും കഴിവും ആഘോഷിക്കുന്നതിനുള്ള ഒരു അന്താരാഷ്ട്ര ആചരണ ദിനമായിവോളന്റിയർമാർക്ക് ഇത് ഒരു അവസരമാണ് സദ്ധന്ന സേവിക ഓർഗനൈസേഷനുകൾ, അവരുടെ സമുദായങ്ങൾക്ക് അവർ നൽകുന്ന സംഭാവന, അവബോധം നേടിക്കൊടുക്കാൻ. തങ്ങളുടെ ശ്രമങ്ങളെ ആഘോഷിക്കാനും, അവരുടെ മൂല്യങ്ങൾ പങ്കുവയ്ക്കാനും, അവരുടെ കമ്മ്യൂണിറ്റികൾ, സർക്കാരിതര സംഘടനകൾ (ചഏഛ), യുണൈറ്റഡ് നേഷൻസ് ഏജൻസികൾ, ഗവൺമെൻറ് അധികാരികൾ, സ്വകാര്യമേഖല എന്നിവയിൽ അവരുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും അതുമാത്രമേ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കുമുള്ള ഒരു അവസരമായി ഇത് വീക്ഷിക്കപ്പെടുന്നു.സന്നദ്ധ പ്രവർത്തനങ്ങൾ എല്ലാ സംസ്കാരങ്ങളിലും ഭാഷകളിലും മതങ്ങളിലും കാണപ്പെടുന്നു. ഓരോ വർഷവും നൂറുകണക്കിന് ദശലക്ഷം ആളുകൾ ലോകത്തെ മികച്ച സ്ഥലമാക്കി മാറ്റാൻ സഹായിക്കുന്നതിന് അവരുടെ സമയവും വൈദഗ്ധ്യവും സ്വമേധയാ ആഹ്വാനം ചെയ്യുന്നു. അവർ സന്നദ്ധസേവനത്തിൽ ആയിരിക്കുമ്പോൾ മറ്റുള്ളവരുടെ ജീവിതം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. അവർ സ്വയം സന്നദ്ധരായപ്പോൾ, അവരുടെ സമുദായങ്ങളിൽപ്പെട്ടവർ കൂടുതൽ ഉൾക്കാഴ്ച നേടുന്നു.ഡിസംബർ 11 ന് ലോകമെമ്പാടുമുള്ള ആളുകൾ റാലികൾ, പരേഡുകൾ, സന്നദ്ധ സംഘടനകൾ, ഗ്രൂപ്പ് വൃത്തിയാക്കൽ, രക്തദാനങ്ങൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ, ഫണ്ട്റൈസിംഗ്, വർക്ക്ഷോപ്പുകൾ, സ്വമേധയാറിനുള്ള അംഗീകാരങ്ങൾ എന്നിവയുമായി ഐഡിഡി ആഘോഷിക്കും.അന്താരാഷ്ട്ര വോളന്റിയർ ദിനം 2018, 'സ്വമേധയാ സമർപ്പിക്കുന്ന കമ്മ്യൂണിറ്റികൾ പണിയുക', തിരിച്ചറിയുന്നു വോളന്റിയർമാർ ആഗോള സമൂഹത്തിലെ വോളണ്ടിയർമാർക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട്, അവരുടെ സമൂഹങ്ങൾ പ്രകൃതി ദുരന്തങ്ങൾ, സാമ്പത്തിക സമ്മർദ്ദങ്ങൾ, രാഷ്ട്രീയ ഞെട്ടലുകൾ എന്നിവയ്ക്കെതിരായാണ് കൂടുതൽ പിന്തുണ നൽകുന്നത്. കാമ്പയിൻ തീം സംസ്ഥാനത്തിന്റെ വ്യക്തമായ തെളിവുകളുള്ള വോളണ്ടിയർമാരെ അംഗീകരിക്കുകയും ചെയ്യുന്നു വേൾഡ്സ് വോളണ്ടറിസം റിപ്പോർട്ട് (ടണഢഞ) 2018.ലോകമെമ്പാടുമുള്ള 60 ശതമാനം സന്നദ്ധപ്രവർത്തകരും പാർശ്വവത്കരിക്കപ്പെട്ട ഗ്രൂപ്പുകളും സ്ത്രീകളും ഉൾപ്പെടെയുള്ള പ്രാദേശിക സന്നദ്ധപ്രവർത്തകരുടെ വിലമതിപ്പിലൂടെയും സന്നദ്ധപ്രവർത്തനത്തിന്റെ മൂല്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.



# സെനഗലിനെ തകർത്ത് ഇംഗ്ലണ്ട്; ക്വാർട്ടർ ഫൈനലിലേക്ക്

ആഫ്രിക്കൻ ചാമ്പ്യന്മാരായ സെനഗലിനെ മൂന്ന് ഗോളുകൾക്ക് തകർത്ത് ഇംഗ്ലണ്ട്. ഒന്നിനുപിന്നാലെ ഒന്നായി നേടിയ മൂന്ന് തകർപ്പൻ ഗോളുകൾക്കാണ് ജയം. ഇതോടെ ക്വാർട്ടർ ഫൈനലിലെത്തിയ ഇംഗ്ലണ്ട് ശനിയാഴ്ച ഫ്രാൻസിനെ നേരിടും. 38ാം മിനിറ്റിൽ ജോർഡൻ ഹെൻഡേഴ്സണിലൂടെയാണ് ഇംഗ്ലണ്ട് ആദ്യ ഗോൾ നേടിയത് പിന്നീട് ഹാരികെയ്നിലൂടെ വീണ്ടും മനോഹരമായ മുന്നേറ്റം. 48-ാം മിനിറ്റിലാണ് രണ്ടാമത്തെ മനോഹരമായ ഗോൾ പിറന്നത്. സാക്കയും വിട്ടുകൊടുത്തില്ല. രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ സാക്കയിലൂടെ ഇംഗ്ലണ്ട് മൂന്നാം ഗോൾ നേടി.കളിയുടെ ആദ്യ 10 മിനിറ്റുകളിൽ അത്ഭുതമൊന്നും സംഭവിച്ചില്ല. പ്രതീക്ഷിച്ചത് പോലെ തന്നെ 70 ശതമാനത്തിലധികം നേരം പന്ത് ഇംഗ്ലണ്ടിന്റെ കൈവശമായിരുന്നു. 31-ാം മിനിറ്റിൽ സെനഗലിന് മികച്ച അവസരം ലഭിച്ചിട്ടും പക്ഷേ ഇസ്മയില സാറിന്റെ ഷോട്ട് ഇംഗ്ലണ്ടിന്റെ ക്രോസ്ബാറിന് മുകളിലൂടെ പാഞ്ഞു. സാറിന്റെ ഷോട്ട് ദിയയുടെ കൈയിലെത്തിയെങ്കിലും പിക് ഫോർഡ് ശക്തമായി പ്രതിരോധിച്ചു. തോൽവി അറിയാതെ ഗ്രൂപ്പ് ബി ചാമ്പ്യൻമാരായി മൂന്ന് സിംഹങ്ങളുടെ കരുത്തോടെ ഇംഗ്ലണ്ടും എ ഗ്രൂപ്പ് രണ്ടാം സ്ഥാനക്കാരായി എത്തിയ ടെരാംഗൻ സിഹംങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിന് ഫുട്ബോൾ ആരാധകർ ഏറെ ആകാംഷയോടെയാണ് കാത്തിരുന്നത്. ചരിത്രത്തിലാദ്യമായാണ് ഇംഗ്ലണ്ടും സെനഗലും തമ്മിൽ ഒരു പോരാട്ടമുണ്ടാകുന്നത്. ഗ്രൂപ്പ് മത്സരഘട്ടത്തിൽ മൂന്ന് മത്സരങ്ങളിൽ നിന്ന് ഒൻപത് ഗോളുകൾ നേടി കരുത്തുകാട്ടി തന്നെയാണ് ഇംഗ്ലീഷ് പട സെനഗലുമായി കന്നിപ്പോരാട്ടത്തിനിറങ്ങിയത്.കൗലി ബാലി, ഡിയാലോ, സാബിളി,മെൻഡി മുതലായ പോരാളികളായിരുന്നു സെനഗലിന്റെ കരുത്ത്. ഇക്വഡോറിനെതിരായ അവരുടെ 2-1 വിജയം ശ്രദ്ധേയമായിരുന്നു. പല അഗ്നിപരീക്ഷകളും താണ്ടിയാണ് സെനഗൽ പ്രീക്വാർട്ടറിലെത്തിയത്. സൂപ്പർ താരം റഹീം സ്റ്റെർലിംഗില്ലാതെയായിരുന്നു ഇംഗ്ലണ്ടിന്റെ പോരാട്ടം. ചില വ്യക്തിപരമായ കാര്യങ്ങൾ മൂലമാണ് താരം വിട്ടുനിന്നതെന്നാണ് സൂചന. മാർകസ് റാഷ്ഫോർഡാണ് പകരം ഇറങ്ങിയത്.



# ഇരട്ട ഗോളുമായി എംബാപ്പെ, റെക്കോർഡിട്ട് ജിറൂദ്; ഫ്രാൻസ് ക്വാർട്ടറിൽ

ഖത്തർ ലോകകപ്പിൽ ഫ്രഞ്ച് വിപ്ലവം. പ്രീ-ക്വാർട്ടർ മത്സരത്തിൽ പോളണ്ടിനെ ഒന്നിനെതിരെ മൂന്ന് ഗോളിന് പരാജയപ്പെടുത്തി നിലവിലെ ചാമ്പ്യന്മാർ ക്വാർട്ടറിൽ പ്രവേശിച്ചു. ഇരട്ട ഗോൾ നേടുകയും, മറ്റൊരു ഗോളിന് വഴിയൊരുക്കുകയും ചെയ്ത എംബാപ്പെയാണ് ഫ്രഞ്ച് പടയെ ക്വാർട്ടറിലേക്ക് നയിച്ചത്. ഇംഗ്ലണ്ട്-സെനഗൽ മത്സരത്തിലെ വിജയകളാവും ക്വാർട്ടറിൽ ഫ്രാൻസിന്റെ എതിരാളി.അൽ തുമാമ സ്റ്റേഡിയത്തിൽ നടന്ന ആവേശപ്പോരാട്ടത്തിൽ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് ഫ്രാൻസ് പോളണ്ടിനെ വീഴ്ത്തിയത്. ആദ്യ പകുതിയിൽ ഒലിവിയർ ജിറൂദാണ് (44ാം മിനിറ്റ്) ഗോൾ വേട്ടയ്ക്ക് തുടക്കം കുറിച്ചത്. രണ്ടാം പകുതിയുടെ 74, 91 മിനിറ്റുകളിലായിരുന്നു എമ്പാപ്പെയുടെ എണ്ണം പറഞ്ഞ ക്ലാസിക് ഗോളുകൾ. പരാജയപ്പെട്ടെങ്കിലും നിലവിലെ ചാമ്പ്യന്മാരെ വിറപ്പിക്കുന്ന പ്രകടനമാണ് ലെവൻഡോവിസ്കിയുടെ പോളണ്ട് പുറത്തെടുത്തത്.പോളണ്ടിന്റെ ആശ്വാസഗോൾ അവസാന നിമിഷങ്ങളിലെ നാടകീയ നിമിഷങ്ങൾക്കൊടുവിൽ ലെവൻഡോവിസ്കി നേടി. മത്സരം തീരാൻ സെക്കൻഡുകൾ മാത്രം ബാക്കിനിൽക്കേ ലഭിച്ച പെനാൽറ്റി ലെവൻഡോവിസ്കി വലയിലാക്കുകയായിരുന്നു. ഉപമെസാനൊ പന്ത് കൈ കൊണ്ട് തട്ടിയതിന് കിട്ടിയതായിരുന്നു പെനാൽറ്റി. ആദ്യമെടുത്ത കിക്ക് ഗോളി പിടിച്ചെങ്കിലും റീക്കിക്ക് വേണ്ടിവന്നു. അത് ലെവൻഡോവ്സ്കി വലയിലാക്കി.പോളണ്ടിനെതിരെ നേടിയ ഇരട്ടഗോളുകളോടെ, ഖത്തർ ലോകകപ്പിലെ ഗോൾ വേട്ടക്കാരിൽ എംബപെ മുന്നിലെത്തി. ഖത്തറിൽ എംബപെയുടെ അഞ്ചാം ഗോളാണിത്. അതേസമയം ഫ്രാൻസിന്റെ എക്കാലത്തെയും ടോപ് സ്കോറററായി ഒലിവിയർ ജിറൂദ് മാറി. താരത്തിന്റെ 52-ാം രാജ്യാന്തര ഗോളായിരുന്നു ഇത്. 51 ഗോളുകൾ നേടിയ മുൻതാരം തിയറി ഹെന്റിയെ മറികടന്നായിരുന്നു ജിറൂദിന്റെ നേട്ടം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com